# കേരള സർക്കാർ

## സംഗ്രഹം

പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം - എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ ദിപിൻ റ്റി കെ-യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം.1628/2016/തസ്വഭവ തീയതി, തിരുവനന്തപുരം,07/05/2016

---

പരാമർശം : 1. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 05.01.2016 ലെ ഇ 5-14527/2015 നമ്പർ നടപടിക്രമം.

2. പഞ്ചായത്ത് ഡയറക്ടറുടെ 03.03.2016 ലെ ഇ 6-7158/16 നമ്പർ കത്ത്.

## ഉത്തരവ്

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം 07.11.2006 ൽ ക്ലാർക്കായി ശ്രീ ദിപിൻ റ്റി കെ പഞ്ചായത്ത് വകുപ്പിൽ പ്രവേശിച്ചു. ശ്രീ ദിപിൻ റ്റി കെ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി. പരീക്ഷ വിജയിയ്ക്കാത്തതിനാൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം 1 പ്രകാരം ടിയാന്റെ പ്രൊബേഷൻ കാലയളവ് 13.11.2008 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുകയുണ്ടായി. 11.08.2015 ൽ ടിയാൻ എം. ഒ. പി പരീക്ഷ വിജയിച്ചതിനാൽ തൊട്ടടുത്ത ദിവസമായ 12.08.2015 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാന്റെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 13.08.2015 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ. ദിപിൻ റ്റി കെ എം. ഒ. പി പരീക്ഷ വിജയിച്ച 11.08.2015 ന്റെ തൊട്ടടുത്ത ദിവസമായ 12.08.2015 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ്

13.08.2015 വരെ പ്രൊബേഷൻ കാലയളവ്, കെ.എസ് & എസ്. എസ്.ആർ, ജനറൽ റൂൾ 21 പ്രകാരം, ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**
ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
സെക്രട്ടറി, പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്താഫീസ്, എറണാകുളം.
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(29/ഇപിഎ 1/2016/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ